"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ഹരിദാസൻ.സി.-യുടെ (പി.ഡി.ടീച്ചർ, ജി.എച്ച്.എസ്.എസ്.,കാസർഗോഡ്) കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1405/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/07/2020

---

പരാമർശം:- 1 10/05/2013-ലെ 42/2013/ധന നം. സർക്കുലർ.

2 28/11/2013-ലെ സ.ഉ.(സാധാ)നം.580/2013/ധന.

3 23/03/2017-ലെ സ.ഉ.(സാധാ)നം.830/2017/തസ്വഭവ.

4 13/07/2018-ലെ സ.ഉ.(സാധാ)നം.1926/2018/തസ്വഭവ.

5 20/07/2019-ലെ സ.ഉ.(സാധാ)നം.1525/2019/തസ്വഭവ.

6 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04/03/2020-ലെ 4766/ഇ1/2017/കെഎസ്എച്ച്ക്യു നം. കത്ത്.

<u>ഉത്തരവ്</u>

ശ്രീ.ഹരിദാസൻ.സി., പി.ഡി.ടീച്ചർ, ജി.എച്ച്.എസ്.എസ്.,കാസർഗോഡ്-നെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ പരാമർശം (3) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന്, പരാമർശം (4), (5) എന്നീ ഉത്തരവുകൾ പ്രകാരം ടിയാന്റെ അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ടിയാൾക്ക് ദീർഘിപ്പിച്ച് നൽകിയ അന്യത്രസേവനകാലാവധി 31/03/2020-ൽ അവസാനിച്ച സാഹചര്യത്തിൽ 01/04/2020 മുതൽ ഒരു വർഷത്തേയ്ക്കു കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (6) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഹരിദാസൻ.സി.(പി.ഡി.ടീച്ചർ, ജി.എച്ച്.എസ്.എസ്.,കാസർഗോഡ്)-ന്റെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/04/2020 മുതൽ 30/06/2020 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ.ഹരിദാസൻ.സി.(വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് മുഖേന)

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എൽബിഎ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ